KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.136/PR/PIC/PHQ/18                                                    Date : 01.06.2018

**വാഹനം ഓടിക്കുമ്പോൾ  മൊബൈലിൽ സംസാരിക്കുന്നത് കേന്ദ്രനിയമപ്രകാരം കുറ്റകരം.**

വാഹനം ഓടിക്കുമ്പോൾ മൊബൈൽഫോണിൽ സംസാരിക്കുന്നതിന് 1998 ലെ മോട്ടോർ വെഹിക്കിൾ ആക്റ്റ് സെക്ഷൻ 118 നൽകുന്ന അധികാരമുപയോഗിച്ച് 2017 ജൂൺ 17 ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച  മോട്ടോർ വെഹിക്കിൾ (ഡ്രൈവിങ്) റഗുലേഷൻ ചട്ടങ്ങൾ 2017 പ്രകാരം  കുറ്റകരമാണെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കുലറിൽ അറിയിച്ചു.  സിഗ്നൽ ലംഘനം, നിരോധിക്കപ്പെട്ട ഹോൺ ഉപയോഗം, ശരിയായ രജിസ്ട്രേഷൻ പ്ലേറ്റുകൾ ഇല്ലാതിരിക്കൽ തുടങ്ങിയവയും കുറ്റകരമാണ്.  ആധുനിക കാലത്തെ ഗതാഗത പരിഷ്കരണത്തിലും  വാഹന ഉപയോഗത്തിലെ  മാറ്റത്തിനനുസരിച്ചാണ് മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുള്ളത്. വാഹനം ബ്രേക്ക്ഡൗൺ ആകുക,  ചെറുതും വലുതുമായ അപകടങ്ങളുണ്ടാകുക തുടങ്ങിയ സന്ദർഭങ്ങളിൽ  ഡ്രൈവർമാർ ചെയ്യേണ്ട കാര്യങ്ങൾ പുതിയ ചട്ടങ്ങളിൽ ഉണ്ട്. ഇവ എല്ലാവരും കർശനമായി പാലിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചു.  ആദ്യതവണ നിയമലംഘനം പിടികൂടിയാൽ നൂറ് രൂപ പിഴയും ആവർത്തിച്ചാൽ മുന്നൂറ് രൂപ പിഴയും ചുമത്താനും  1988 ലെ കേന്ദ്രമോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയുണ്ട്.

************